**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4745** **02-07-2024 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര പൊഴിയൂർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കായി പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-24 വർഷത്തിൽ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി നെയ്യാറ്റിൻകര പൊഴിയൂർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ഇതിനായി അനുവദിച്ചതെന്ന് വിശദമാക്കാമോ? | (എ) | പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി നെയ്യാറ്റിൻകര പൊഴിയൂർ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 2023-24 വർഷം 18/05/2023, 01/03/2024 തീയതികളിൽ കൂടിയ ജില്ലാതല അപ്പ്രൂവൽ കമ്മിറ്റി (DLAC) മീറ്റിംഗിൽ 12 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ഇതേ തീയതികളിൽ നടന്ന ജില്ലാതല പർച്ചേസ് കമ്മിറ്റി (DLPC) മീറ്റിംഗിൽ 24 ഗുണഭോക്താക്കളുടെ ഭൂമി വില അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി 1,22,02,605/- (ഒരു കോടി ഇരുപത്തിരണ്ട് ലക്ഷത്തി രണ്ടായിരത്തി അറുന്നൂറ്റി അഞ്ച്) രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ